## ജി വി എച്ച് എസ് എസ് കാറഡുക്ക

# എഴുത്താണി




KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

PRESENTS

# സന്ദേശം

## കരുണാകര . എം
## ഹെഡ്മാസ്റ്റർ



നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ എഴുത്താണി ഡിജിറ്റൽ മാഗസിൻ കൂട്ടായ്മയുടെയും അധ്വാനത്തിന്റെയും ഫലമാണ്. ഇതിനു പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും വിദ്യാർഥികൾക്കും അഭിനന്ദനങ്ങൾ. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വരുംതലമുറയ്ക്കും പ്രചോദനമാകട്ടെ എന്നാശംസിക്കുന്നു.

## സന്ദേശം

## അജിത് . കെ . ജി
**സ്റ്റാഫ് സെക്രട്ടറി**



ആധുനികസാങ്കേതികപരിജ്ഞാനത്തിലൂടെ കേരളത്തിലെ പൊതു വിദ്യാലയങ്ങളെ ഉന്നതങ്ങളിലേക്ക് എത്തിക്കാൻ ലിറ്റിൽകൈറ്റ്സിന്റെ പരിശ്രമത്തിലൂടെ സാധിക്കുന്നുണ്ട്.പഠനപ്രക്രിയയിൽ നവീനമായ മുന്നേറ്റം ലക്ഷ്യം വെക്കുന്ന കാറഡുക്കസ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽമാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.സാങ്കേതികവിദ്യയെ ബുദ്ധിപൂർവ്വം ഉപയോഗിച്ച് ചുറ്റുമുള്ള നന്മകളെ ആസ്വദിക്കാൻ നിങ്ങൾക്ക് കഴിയട്ടെ.

## ഭാവുകങ്ങൾ....

അംബിക കെ

## കൈറ്റ് മിസ്ട്രസ്



ജി വി എച്ച് എസ് എസ് കാറഡുക്കയിലെ ലിറ്റിൽകൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ എഴുത്താണി ഡിജിറ്റൽ മാഗസിൻ സർഗാത്മക മികവിന്റെയും സാങ്കേതികപരിജ്ഞാനത്തിന്റെയും കൈയ്യൊപ്പാണ്. സാങ്കേതികതയിൽ ഭാവനയുടെ കൂട്ടിക്കലർത്തലുകൾ നടത്തുമ്പോഴാണ് ലിറ്റിൽകൈറ്റ്സിന്റെ വിജയം പൂർണമാവുന്നത്.ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നമ്മുടെ കുഞ്ഞുപട്ടങ്ങളുടെ സാങ്കേതികസ്വപ്നങ്ങളെ വാനോളമുയർത്തുകതന്നെ ചെയ്യും. ലിറ്റിൽകൈറ്റ്സ് യൂണിറ്റിന്റെ ഈ കൂട്ടായ്മയുടെ സർഗ്ഗവസന്തം വായനക്കാരുടെ ഹൃദയങ്ങളിൽ ആസ്വാദ്യതയുടെ തേൻ നിറക്കട്ടെ.

# സന്ദേശം

## സുധിലാൽ എസ് പി
## കൈറ്റ്മാസ്റ്റർ



വളരെ അഭിമാനം തോന്നുന്ന നിമിഷമാണ്. ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ കാറഡുക്ക സ്കൂളിൽ വളരെ സജീവമായി നടന്നുവരുന്നുണ്ട്. ലിറ്റിൽ കൈറ്റ്സിന്റെ കുട്ടികളുടെ പ്രവർത്തന ഫലമായാണ് 'എഴുത്താണി ' എന്ന ഈ മാഗസിൻ രൂപം കൊണ്ടത്. ഇതിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും നിറഞ്ഞ മനസ്സോടെ പങ്കെടുത്ത അധ്യാപകർക്കും കുട്ടികൾക്കും പി ടി എ അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

വിവരസാങ്കേതികവിദ്യയുടെ അനന്തവിഹായസ്സിലേക്ക്പറന്നുയർന്നുകൊണ്ടിരിക്ക ുന്ന മുഴുവൻ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ, ആശംസകൾ....

# ഉൾത്താളുകളിലൂടെ...

EDITORIAL BOARD........................................................................................8
കവിതകൾ........................................................................................9
പാസ്‌വേർഡ്........................................................................................9
പാവക്കൂത്ത്........................................................................................10
കളി അവസാനിക്കുമ്പോൾ........................................................................................11
കടൽ കാണുവോളവും........................................................................................12
Monstrous flood........................................................................................13
POWER OF A GIRL........................................................................................14
ಕೇರಳಕ್ಕಾಗಿ ಸಹಾಯಹಸ್ತ........................................................................................16
ചരിത്രമുറങ്ങുന്ന വഴികളിലൂടെ........................................................................................18
അമ്പിളിത്തോണി........................................................................................21
പൂക്കളും നിറങ്ങളും........................................................................................22
പൂമ്പാറ്റ........................................................................................23
പൂമ്പാറ്റ........................................................................................24
വീണ്ടും ചിരിക്കും........................................................................................25
ರುಚಿ ರುಚಿ ದೋಸೆ........................................................................................26
ഇരുട്ടിന്റെ അകത്തളങ്ങൾ........................................................................................27
ENVIRONMENTAL POLLUTION........................................................................................29
Digital Painting........................................................................................31
Digital Poster........................................................................................32
വിദ്യാലയം പ്രതിഭയോടൊപ്പം........................................................................................33
പ്രതികാരം സ്വപ്നസാഫല്യത്തിലൂടെ........................................................................................35
ശാപം........................................................................................37
LSS & USS WINNERS........................................................................................38
SSLC FULL A+........................................................................................39
സബ് ജില്ലാ കലോത്സവ വിജയികൾ........................................................................................40
പ്രവേശനോത്സവം........................................................................................41
പരിസ്ഥിതി ദിനാഘോഷം........................................................................................42
കായിക പ്രതിഭകൾ........................................................................................44
പഠനയാത്ര........................................................................................45
ശാസ്ത്ര പരീക്ഷണങ്ങൾ ഏകദിന ശില്പശാല........................................................................................46

# EDITORIAL BOARD


| | |
|---|---|
| Chief Editor | Karunakara M (Head Master) |
| Staff Editor | Sudhilal S P (SITC) |
| Student Editor | Bhavika  A R |
| Sub Editor | Dhanush |
| Members | Ambika K |
| | Bhanumathi M |
| | Ajith K G |
| | Shreesha kumar |
| | Lavanya S |
| | Abhith P |
| | Khadeejath Murshida K |
| | Sreena V |
| | Maneesh V K |

# കവിതകൾ

## പാസ്‌വേർഡ്



*ജ്യോതി പാണൂർ*
*അധ്യാപിക*

കുനിച്ചുപിടിച്ച ശിരസ്സുകൾ
അടച്ചിട്ട മനസ്സുകൾ.
നിത്യവും വെട്ടേൽക്കുന്ന മരമായി
സൂര്യകിരണങ്ങളിലെ ചോര പിഴിയുന്നു.
കനലു ശേഷിക്കാതെ ചാരമാകാൻ
പർവ്വതങ്ങളെ നീക്കം ചെയ്തു.
ചിലന്തിവലയിൽ കുരുങ്ങിയ വണ്ടിന്റെ
ന്യൂനപക്ഷ ചിന്തകളുടെ ചിറകു പോലെ
കിണറ്റിന്നപ്പുറത്തെ പുകിലു കേൾക്കാതെ
തവളകളുടെ ആനന്ദക്കരച്ചിൽ
ഉമ്മറത്തെ ചാരുപടിയിൽ നിരന്ന്
വാമനൻമാർ പങ്കു ചോദിക്കാനെത്തുമ്പോൾ
കുനിഞ്ഞും ചെരിഞ്ഞും വക്രിച്ചും
സമ്പാദിച്ച സെൽഫികൾക്കും മീതെ
പാകപ്പെടുത്താനിറങ്ങിയ മനസ്സിപ്പോൾ
ആർക്കിമിഡീസിനെപ്പോലെ ഓടുകയാണ്
ഓർക്കാമറയത്ത് മറഞ്ഞ പാസ്സ്‌വേർഡിനായ്....

## പാവക്കൂത്ത്



നന്ദന എം
***പൂർവ്വവിദ്യാർത്ഥിനി***

ഭയക്കണം നീയി വിജനമാം പാതയെ,
ഇരുട്ടിനെ,വെളിച്ചത്തിനെ,
ആൾക്കൂട്ടത്തിൽ നിന്നിലേക്കു
തുറക്കും കൂർമനേത്രങ്ങളെ,
മഴയത്തു പുസ്തകം നനയാതെ കാക്കുവാ-
നോടിക്കയറുന്ന പീടികത്തിണ്ണയെ.
അതിനകത്തെ മിഠായിപ്പൊതികളെ,
അവ നീട്ടിയെത്തുന്ന കറുത്ത കൈകളെ,
ഭയക്കണം നീ നിൻെറ അധ്യയനമുറികളെ,
കണ്ണുപൊത്തിക്കളിക്കുന്നിടങ്ങളെ,
വേട്ടയ്ക്കിറങ്ങുന്ന ശുനകപ്പടയെ,
അതിലേറെ ഭ്രാന്തമാം കാമനേത്രങ്ങളെ.
പഠിക്കണം നീയി ഇരുണ്ടലോകത്തിനെ,
അതിൻെറ മാസ്മരിക മരീചികളെ,
ഇൻറർനെറ്റിലെ വാരിക്കുഴികളെ,
ചതി തളംകെട്ടിയ ചതുപ്പിനെ,
മരണം വിതയ്ക്കുന്ന കാണാച്ചുഴികളെ,
ഞെക്കിയാൽ കരയുന്ന പാവയായ്തീരണം
പാവമാം പാവയായ് പാരിൽ ജീവിക്കണം.
ഒരമ്മ മകൾക്ക് നിസ്സഹായതയുടെ
പാവക്കൂത്ത് അഭ്യസിപ്പിക്കുന്നു.

## കളി അവസാനിക്കുമ്പോൾ



ചതുരംഗം കളിച്ചുതുടങ്ങി
കാലാളിനെ വെട്ടി
കുതിരയെ വെട്ടി
കുത്തിയും മലർത്തിയും
ചതുരംഗക്കളം ചോരക്കളമായി
ചോരപ്പുഴയൊഴുകുമ്പോൾ
അലർച്ചയ്ക്കും
നിലവിളികൾക്കുമിടയിൽ
നിർത്താതെയുള്ള
കൊലച്ചിരി
കറുത്ത ആകാശം
കറുത്ത ഭൂമി
വെണ്മയെ കാണാതെ
അലയുമ്പോഴും
കളി തുടരുകയാണ്
അപ്പോഴെവിടെയോ ഉണങ്ങിക്കരിഞ്ഞ
മരക്കൊമ്പിൽനിന്നും
ഒരു വെള്ളരിപ്രാവ്
എങ്ങോ പറന്നുപോയി.

*ഭവിക .എ .ആർ*
*IX A*

## കടൽ കാണുവോളവും

കടൽ കാണുവോളവും

കടൽ എന്താണെന്നറിയുന്നില്ല

കടലിൻെറ ആഴത്തിൽ

കടലായി മാറി

തിരമാലകളായി

ചുഴികളായി

ഗർത്തങ്ങളായി

സാഗരനീലിമയായി

അറ്റങ്ങളില്ലാത്ത തീരത്ത്

എണ്ണിയാൽ തീരാത്ത

മണൽത്തരികളായി

വിസ്മൃതിയിൽ ലയിക്കുന്നതുവരെ............

***അംബിക .കെ***

***അധ്യാപിക***

# Monstrous flood



*‘Water water everywhere*
*nor any drop to drink’*
*Oh mother nature!*

*You have learnt us lesson*
*an unforgetfull lesson*
*the time has come to put holy grails to our sins*

*All these days she have been bearing pain*
*of the sword we have pierced into her heart*
*The bleeding blood*
*Has come in the form of monstrous flood*
*It has come to wash our sins from mind*

*She has given us everything*
*But we have given nothing*
*Only harm!*

*We have crossed the limits*
*Her anger is on it’s peak*
*We must change our mind*
*Doing good deeds*

*That is the only way to calm her*
*The hands that has made us*
*Have turned into monstrous hands*
*Do not make our mother upset*
*Spread her with love*

***Prafulla C . H***

# POWER OF A GIRL

**Story**



Once upon a time there lived a girl in a far away village. Her name was Rihanna. She was born to a shopkeeper and a housewife. Rihanna had a beautiful heart.

She was very kind to everyone. Her most favourite thing is that she loved to sing. She wanted to become a singer. She practised secretly with out her parents aware. She practiced in a secret room in attic at night. Her father was very strict and he wanted his daughter to become nothing. She wanted to go to school but he didn't leave her. She was scared that her father would beat her to death if he knew that she wanted to become a singer. Her father was an alcoholic and he used to come home drunk and trouble her and her mother. She warned her father not to drink, but he didn't listen.

One day teachers from village school came and said to her parents that it is the right of a girl to be educated. Then they told Rihanna's father that if he would not allow send her to school, he will go to jail because the right of education will be exploited. After a lot of discussion her father allowed. He understood importance of education. Rihanna was very happy. She couldn't believe that.

After many years she reached class 12. But her secret practice did not stop. Soon her father and mother died due to sickness. Her schooling stopped

because now she was in another village and there was nobody to help. She stopped to sing. She was in a very pathetic condition. She was depressed. She had to stop everything. She then went to a farm to work.

Many days later a turning point came. There was an audition for singing in other village. The people working with her suggested that she must continue her singing to get rid of all the pain she has beared. She began singing and the crowd cheered. Soon she became famous and she got lot of chances to work with famous music directors. She became famous only due to her confidence and she kept saying nothing is impossible.

*MORAL: Nothing is impossible if we work harder to succeed. Girls can do anything beyond infinity.*

***Prafulla C . H***
***VHSE I Year***

# ಕೇರಳಕ್ಕಾಗಿ ಸಹಾಯಹಸ್ತ



ಪರಿಸರ ನಮ್ಮ ನಿಮ್ಮಲ್ಲರ ಸಂಪತ್ತು. ಮಾನವ ಹಾಗೂ ಪ್ರಾಣಿಗಳು ಪ್ರಕೃತಿಯ ಅವಿಭಾಜ್ಯ ಘಟಕಗಳು. ಪ್ರಕೃತಿಯ ಸೊಬಗು,ಸೌಂದರ್ಯ ವರ್ಣಿತವಾದ ಗಿಡ ಮರಗಳು ಅದರ ಒಂದು ಭಾಗ ಮಾತ್ರವಲ್ಲ ಮನಸೆಳೆಯುವಂತಹ ರೋಮಾಂಚನ ದೃಶ್ಯಗಳು ಕೂಡ ಹೌದು. ಪ್ರಕೃತಿಯ ಮಾತೆಯ ಇಂತಹ ಸೃಷ್ಟಿಗಳು

ಎಲ್ಲರ ನೆಮ್ಮದಿ ಮಾಡಲಾಗಿತ್ತು ಎಂಬುದು ನಿಜ. ಆದರೆ ಇಂದಿನ ದಿನಗಳಲ್ಲಿ ಪ್ರಕೃತಿ ಮಾತೆ ಬೀಕರವಾಗಿ ಕೋಪಿಸಿಕೊಂಡಿದ್ದಾಳೆ. ಪ್ರಕೃತಿ ಮಾತೆಯ ಜ್ವಲಿಸುವಂತಹ ಕೋಪ ,ತಾಪವು ಪರಿಣಾಮವಾಗಿ ಬೀರಿದ್ದು ಮಾನವನ ಮೇಲಾಗಿ ಬಿಟ್ಟಿದೆ. ಈ ಪ್ರಕೃತಿಯ ಈ ರೀತಿಯ ರೋಷವು

ಭೂಮಿಯನ್ನೇ ಕಿಬ್ಬೆಟ್ಟುವಂತಹ ಪರಿಣಾಮಕಾರಿಯಾಗಿ ಮಾರ್ಪಟಿದೆ. ಮಾನವನು ಮಾಡುತಿರುವಂತಹ ಕೆಲಸಗಳು ಅಷ್ಟಿಷ್ಟಲ್ಲ ದೇವರನ್ನೇ ರೊಚ್ಚು ಹಿಡಿಸುವಂತಹ ಕೆಲಸಗಳು.ಇದನ್ನೆಲ್ಲ ಸಹಿಸಿ ನಿಂತಿದ್ದ ಆ ವರುಣದೇವನ ಹಾಗೂ ವಾಯುದೇವ ಇದೀಗ ಪ್ರಕೃತಿಯಿಡೀ ವ್ಯಾಪಿಸಿಕೊಂಡು ಬಿಟ್ಟಿದೆ. ಮಾನವನ ಜೀವನವು ನೀರಿನಲ್ಲಿ ಕೊಚ್ಚಿಹೋಗುವಂತಂಹ ಸ್ಥಿತಿ.ಇದೀಗ ನಮ್ಮಮುಂದೆ ಕಾಣುವ ನೈಜವಾದ ದೃಶ್ಯವಾಗಿ ಮಾರ್ಪಟ್ಟಿದೆ.2018 ರ ವರ್ಷದ ಪ್ರಳಯದಲ್ಲಿ ಬಲಿಯಾದ ರಾಜ್ಯಗಳಲ್ಲಿ ಕೇರಳ ಹಾಗೂ ಕೊಡಗು ಬೀಕರ ಸಮಸ್ಯೆಯನ್ನು ಉಂಡುಮಾಡಿದೆ.ಅದರಲ್ಲಂತು ಕೇರಳ ಅನುಭವಿಸಿದ ಕಷ್ಟ ನಷ್ಟಗಳಲ್ಲಿ ಹೇಳಲು ಸಾಧ್ಯವಿಲ್ಲದ ದೃಶ್ಯಗಳು ಹಾಗೂ ಸನ್ನಿವೇಶಗಳು.

ಕೇರಳದ ಜನರು ಕಷ್ಟಪಟ್ಟು ಸಂಪಾದಿಸಿ ಪಡೆದ ಅಭಿಮಾನವೇ ನೀರಿನಲ್ಲಿ ತೇಲಿಹೋಗಿದೆ.ಅದರಲ್ಲೂ ಪ್ರಕೃತಿಯ ಮಕ್ಕಳಾದ ಮಾನವನ ಕುಲವೇ ಧ್ವಂಸವಾಗುವಂತ ಸ್ಥಿತಿ. ಹಸು ಕೂಸುಗಳನ್ನದೆ ನೀರಿನಲ್ಲಿ ಪ್ರಾಣ ಸಂಕಟದಿಂದ ತೆಲುತ್ತಿರುವ ಎಳೆ ಜೀವಗಳ ನೋವುಗಳು ಕಣ್ಣಲ್ಲಿ ನೀರು ಬರಿಸುವಂತಹ ಮನಸ್ಸನ್ನು ಹೊಡೆಯುವಂತಹ ಆ ನಿಮಿಷಗಳಲಿ ಎಂದೂ ಮರೆಯಲಾಗದ ಘಟನೆಗಳು. ಪ್ರಕೃತಿಗೆ ಬಲಿಯಾದ ಜೀವಿಗಳಲ್ಲಿ ಮನುಷ್ಯ ಮಾತ್ರವಲ್ಲ ಪ್ರಾಣಿ ಪಕ್ಷಿಗಳು ತೇಲಿ ಹೋಗುತ್ತಿದೆ ಆ ಸಾಗರದತ್ತ.

ಇವಾಗ 2019 ರ ವರ್ಷವು ಯಾರೂ ಊಹಿಸಿರಲಿಲ್ಲ ಆ ಮಹಾ ಪ್ರವಾಹವು ಪುನದುತ್ಪತ್ತಿ ಆಗುತ್ತೆ ಎನ್ನುವುದು. ಈ ವರ್ಷದ ಪ್ರಳಯವು 100 ಹೆಚ್ಚಿನ ಜನರ ಮರಣಕ್ಕೆ ತುತ್ತಾಗುತ್ತದೆ. ಮನೆ

ಮನೆಗಳಲ್ಲಿ ನೀರು ತುಂಬಿ ಉಸಿರಾಡಲಂತೂ ಆಗದ ಸ್ಥಿತಿ. ಹಲವು ವರ್ಷದ ಕಷ್ಟದ ಪ್ರತಿಫಲಗಳಲ್ಲಿ ನೀರಿನಲ್ಲಿ ಮುಳುಗಿಹೋದದ್ದನ್ನು ಕಂಡು ಬೆಚ್ಚಿ ಬಿದ್ದು ಏನೂ ಹೇಳಲಾಗದ ಸ್ಥಿತಿಯಲ್ಲಿ ಕೇರಳವಿಂದು ಹದಗೆಟ್ಟು ನಿಂತಿದೆ.

ಈ ಎರಡು ವರ್ಷದ ಮಹಾ ಪ್ರಳಯವು ಹಲವಾರು ನಷ್ಟಗಳು ಉಂಟುಮಾಡಿದರು ಆಗುವಷ್ಟು ಜೀವಗಳನ್ನು ಉಳಿಸಿಕೊಳ್ಳಲು ಕೇರಳದ ಬೇಸ್ತರಂತು ಕೇರಳಕ್ಕಾಗಿ ಪ್ರಾಣವನ್ನೇ ತ್ಯಾಗ ಮಾಡಲು ಸಿದ್ಧರಾದರು. ಈ ಬೆಸ್ತರ ಇಂತಹ ಶೌರ್ಯವಾದ ಆ ಆತ್ಮವಿಶ್ವಾಸವೇ ಇಂದು ಕೇರಳದ ಜನರಿಗೆ ಜೀವದಾನವಾಗಿ ಬಿಟ್ಟಿದ್ದಾರೆ. ಇಂತಹ ಕಷ್ಟಗಳನ್ನು ಎದುರಿಸುತ್ತಿರುವ ನಮ್ಮ ಕೇರಳಕ್ಕಾಗಿ ನಾವು ಒಂದು ಸೇರೋಣ.

ಪ್ರಕೃತಿಯಲ್ಲಿ ಸುರಿಯುತ್ತಿರುವ ಜ್ವಾಲಾಮುಖಿಯ ಬೆಂಕಿಯನ್ನು ತಣಿಸುವಲ್ಲಿಗೆ ಸಾಗೋಣ. ಅದಕ್ಕಾಗಿ ಪರಿಶ್ರಮಿಸೋಣ . ಎಂದೆಂದಿಗೂ ಕೇರಳಕ್ಕೆ ಸಹಾಯ ಮಾಡುತ್ತ ಕೇರಳಕ್ಕಾಗಿ ಆಸರೆ ನೀಡೋಣ. ಇಂತಹ ಮಹಾದುರಂತ ಇನ್ನೊಮ್ಮೆ ಕಾಣಿಸದಿರಲಿ ಎಂದು ಪ್ರಾಥಿಸೋಣ.

ಹರ್ಷಿತ

VHSE I Year

# ചരിത്രമുറങ്ങുന്ന വഴികളിലൂടെ...



യാത്ര എനിക്കിഷ്ടമാണ് അന്നും ഇന്നും എന്നും ഒരുപാട് യാത്രകൾ പോയിട്ടുണ്ട്. കൂട്ടുകാരുടെ കൂടെ യാത്ര പോകുന്നതാണെനിക്കേറെയിഷ്ടം. ആടിപ്പാടി കളിച്ചുല്ലസിച്ച് പോകുന്ന യാത്രകൾ മറക്കാനാവാത്ത നിമിഷങ്ങളാണ് നമുക്ക് സമ്മാനിക്കുന്നത്.

ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാമിന്റെ ഭാഗമായി 2019 ജനുവരി 22,23 തീയ്യതികളിൽ ഞാനൊരു യാത്ര പോയി. 22 വിദ്യാർത്ഥികളും 6 അധ്യാപകരുമാണ് സംഘത്തിലുണ്ടായിരുന്നത്. മഞ്ഞുപെയ്യുന്ന പ്രഭാതത്തിൽ ഞങ്ങൾ യാത്ര ആരംഭിച്ചു. കൽബില് തേനൊഴുകുന്ന കോഴിക്കോടിനെ ലക്ഷ്യമാക്കി ബസ്സ് കിതച്ചുപാഞ്ഞു.യാത്രയിൽ വഴിയോരക്കാഴ്ചകളുടെ അറിവ് പകർന്നുതരാൻ അധ്യാപകർ ഉണ്ടായിരുന്നു.സയൻസ് പ്ലാനറ്റോറിയമായിരുന്നു ആദ്യലക്ഷ്യം.ശാസ്ത്രത്തിന്റെ മായാജാലങ്ങൾ തുറന്നുകാട്ടുന്ന ഒരു വിസ്മയലോകം ഞങ്ങൾക്കു മുന്നിൽ തുറക്കപ്പെട്ടു. സൂര്യനെക്കുറിച്ച് അറിവു നൽകുന്ന 'ദി സൺ' എന്ന ഷോ ഞങ്ങൾ കണ്ടു.സൂര്യനില്ലാതായാൽ ഈ ഭൂമിക്ക് നിലനിൽപ്പില്ലെന്നും സൂര്യനെക്കാളും വലിയ ധാരാളം നക്ഷത്രങ്ങളുണ്ടെന്നും ഷോയിലൂടെ വ്യക്തമായി.

അതു കഴിഞ്ഞ് ഞങ്ങൾ 3D ഷോ കാണാൻ പോയി.കടലിലും കാടിലും എന്നുവേണ്ട,എവിടെയും മനുഷ്യന്റെ ക്രൂരമായ കൈകൾ ചെന്നെത്തുന്നുണ്ടെന്നത് വളരെ സങ്കടകരമായ കാര്യമാണ്.കാടിന്റെ സൗന്ദര്യവും വന്യമായ നിഗൂഢതയും എന്നും സംരക്ഷിക്കേണ്ടതാണെന്ന് ആ 3D ഷോവ്യക്തമാക്കി. തിരമാലകളുടെ തഴുകലാണ് നമുക്കാവശ്യം. സമുദ്രത്തിലെ ജീവികളുടെ സുന്ദരജീവിതത്തെക്കൂടി അലോസരപ്പെടുത്തുന്ന മനുഷ്യമനസ്സുകൾക്കെതിരെ തിരമാലകൾ ഗർജിക്കും. പ്രകൃതിസംരക്ഷണം എന്ന വലിയ പാഠമാണ് ഇതിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞത്.

3D ഷോ കഴിഞ്ഞ് പുറത്തിറങ്ങി.അവിടെനിന്ന് ഒരു മാരുതിക്കാർ ഒറ്റയ്ക്ക്പൊക്കാൻ കഴിഞ്ഞു. പക്ഷേ അത്, അതിൽ ചെയ്തിട്ടുള്ള ക്രമസംവിധാനത്തിലൂടെയാണെന്ന് മാത്രം. പിന്നീട് ഞങ്ങൾ പോയത് സ്നോ പാർക്കിലേക്കാണ്. ഷൂവും സോക്സും ജാക്കറ്റുമൊക്കെയണിഞ്ഞ് അതിനുള്ളിലേക്ക് കടന്നു. കുറെനേരം മഞ്ഞിൽ കളിച്ചു. മഞ്ഞിൽ കുറച്ചുനേരം നിന്നപ്പോൾ കാല് മരവിച്ചു തുടങ്ങിയിരുന്നു. കാശ്മീരിൽ പോയ അനുഭൂതി. അവിടെ താമസമാക്കുന്നവർ ഈ കൊടുംതണുപ്പിൽ എങ്ങനെ ജീവിക്കുന്നു? ചെറിയ കുട്ടികളുടെ കാര്യമോ? ബസിൽ വെച്ച് സർ പറഞ്ഞു, പട്ടാളക്കാരുടെ ജീവിതത്തെക്കുറിച്ച്.ജീവിതം ഭാരതത്തിനായി മാറ്റിവെച്ച് ഭാരതത്തിന്റെ മണ്ണിൽ അലിഞ്ഞുചേർന്നവരെത്ര...ഭാരതഭൂമിയുടെ സുരക്ഷയ്ക്ക് വേണ്ടി ഈ തണുപ്പിൽ,അതിർത്തിയിൽ പോരാടുന്ന ഭാരതത്തിന്റെ മക്കൾ.ഇത്തിരിനേരം തണുപ്പിൽ നിന്നപ്പോൾ തന്നെ തണുത്ത് കാലുകൾ വിറക്കുന്നുണ്ടായിരുന്നു.എന്നാൽ ആ പാദങ്ങളോ..തണുപ്പിൽ വിറക്കുന്ന ചുണ്ടുകളിൽ ഒരേയൊരു വാക്യം 'ഭാരത്മാതാ കീ ജയ് 'മനസ്സിൽ ഒരേയൊരു മന്ത്രം 'ഭാരത്മാതാ കീ ജയ് '...

രാത്രി ഞങ്ങൾ വയനാട്ടിലേക്ക് തിരിച്ചു.താമരശ്ശേരി ചുരത്തിലൂടെ ഒരു ബസ്യാത്ര. ചുരത്തിന്റെ രാത്രിദൃശ്യം വളരെ സുന്ദരമായിരുന്നു.ചുരത്തിന്റെ പകുതി പിന്നിട്ടപ്പോൾ ഒരിടത്ത് ബസ് നിർത്തി അതിന്റെ മനോഹാരിത ഞങ്ങൾ ആസ്വദിച്ചു.പിന്നെ കുറെ നേരം സഞ്ചരിച്ച് ,കൽപ്പറ്റയിൽനിന്ന് 10 കി.മീ ദൂരെയുള്ള മാടക്കുന്ന് എന്ന സ്ഥലത്ത് ഞങ്ങൾ താമസിച്ചു.നാഗരികത അധികമൊന്നും ചെന്നെത്തിയിട്ടില്ലാത്ത ഒരു സ്ഥലം.താമസിച്ച ഹോട്ടലിന്റെ പിറകിൽ വിശാലമായ കവുങ്ങിൻതോട്ടം.രാത്രി ഉറക്കത്തെ തടസ്സപ്പെടുത്താൻ മാത്രം മഞ്ഞൊന്നുമുണ്ടായിരുന്നില്ല.എന്നാൽ രാവിലെ മഞ്ഞിൻകണങ്ങൾ എല്ലാവരെയും തഴുകിക്കൊണ്ടിരുന്നു.സ്വെറ്റർ ഇടാതെ ഞാൻ ആ തണുപ്പ് ആസ്വദിച്ചു.

കവുങ്ങിൻതോട്ടത്തിന്റെ കാഴ്ച അതിമനോഹരമായിരുന്നു.കവുങ്ങിന്റെ പച്ചപ്പിനിടയിൽ മഞ്ഞ് പാളികളായി നിറഞ്ഞുനിൽക്കുന്നു.എന്നാൽ താഴെ ഹോട്ടലിനോട് ചേർന്ന് അതിന്റെ അടയാളമെന്നോണം ചപ്പുചവറുകൾ കുന കൂട്ടിയിരിക്കുന്നു.മാലിന്യം കൊണ്ടുപോകാനെത്തിയ ലോറിയും നിശ്ചലമായി കിടക്കുന്നു.ചപ്പുചവറുകൾ വാരിയെറിഞ്ഞ് ഈ മനോഹാരിതയെ അലങ്കോലമാക്കുന്നത് ഇതേ ഹോട്ടലിൽ റൂമെടുത്തവർ തന്നെയാണ്.

അവിടംവിട്ട് ഞങ്ങൾ പോയത് എടക്കൽ ഗുഹയിലേക്കാണ്.മുമ്പ് വന്നിട്ടുണ്ടെങ്കിലും വേറിട്ടൊരു അനുഭൂതി ഇന്ന് ലഭിച്ചു. ഗുഹയുടെ ചരിത്രം അറിയാൻ സാധിച്ചു.പിന്നീട് ഇതുമായി ബന്ധപ്പെട്ട് ആദിവാസികളുടെ ഉപകരണങ്ങളും ആയുധങ്ങളും ശിൽപങ്ങളും സൂക്ഷിച്ചിരിക്കുന്ന ഹെറിറ്റേജ് മ്യൂസിയത്തിലേക്ക് പോയി.അവരുടെ കഴിവുകൾ കണ്ട് ഞങ്ങൾ അ ത്ഭുതപ്പെട്ടു.ആദിവാസികൾ ധാരാളമുള്ള നാടാണ് വയനാട്.ഇന്നും പുറംലോകവുമായി ഒരു ബന്ധവുമില്ലാതെ ജീവിക്കുന്നവർ അവിടെ ഉണ്ടത്രെ.

ഇനി പോകുന്നത് പൂക്കോട്തടാകത്തിലേക്കാണ്.വഴിക്കുവെച്ച്പൂപ്പൊലി ഗാർഡനിൽ കയറി.ഇന്ത്യയിൽ വലുപ്പത്തിൽ രണ്ടാം സ്ഥാനമുള്ള പൂന്തോട്ടമാണത്രെ. പല വർണങ്ങളിലുള്ള റോസും ഡാലിയകളും പേരറിയാത്ത ധാരാളം പൂക്കളും മനസ്സിൽ വസന്തം നിറച്ചു. പൂക്കോട് തടാകത്തിലേക്ക്..തടാകത്തിനു മീതെ നിറയെ പൂക്കളാണ്.മരത്തിൽ നിന്നും വീണതാണെന്ന് ആദ്യം കരുതി.എന്നാൽ അവ തടാകത്തിൽ തന്നെ ഒരുതരം പായലുകളിൽ വിരിഞ്ഞുനിൽക്കുന്ന കുഞ്ഞുപൂക്കൾ.ഓർമകളിലേക്ക് ഒരു സുന്ദരദൃശ്യം കൂടി.

തടാകത്തിനുശേഷം ഞങ്ങൾ ബാണാസുര സാഗർ അണക്കെട്ട് കാണാൻ പോയി.ഏഷ്യയിലെതന്നെ മണ്ണുകൊണ്ട് നിർമിച്ച ഏക അണക്കെട്ട്. ആ ഓളങ്ങളെ തലോടിക്കൊണ്ട് ഒരു ബോട്ട്യാത്ര.ചെറിയ ചെറിയ ധാരാളം കുന്നുകൾ അതിന് കാവൽ നിൽക്കുന്നു!

ഞങ്ങൾ നാട്ടിലേക്ക് തിരിച്ചു.വരുന്ന വഴിക്ക് കണ്ണൂർ എയർപോർട്ടിലും കയറി.ബസ് കാസർഗോഡെത്തി.യാത്ര അവസാനിക്കുകയല്ല, ആരംഭിക്കുകയാണ് പുതിയ അനുഭവങ്ങളുമായി.......

***ഭവിക എ ആർ***

***IX A***

# അമ്പിളിത്തോണി

കോലെത്താ ദൂരത്ത്

ചേലൊത്ത തോണി

പങ്കായ മില്ലാതെ

പായുന്ന തോണി

ആളില്ലാ തോണി

അരുമയാം തോണി

ആരും കൊതിക്കുന്ന

അമ്പിളി തോണി



ദൃശ്യമോൾ.എ
4B

# പൂക്കളും നിറങ്ങളും

കാക്ക പൂവിൻ നിറമെന്ത്?

കാക്ക പൂവിന് നീല നിറം

മുല്ല പൂവിൻ നിറമെന്ത്?

മുല്ല പൂവിന് വെള്ള നിറം

ജമന്തി പൂവിൻ നിറമെന്ത്?

ജമന്തി പൂവിന് മഞ്ഞനിറം

ചെമ്പരത്തി പൂവിൻ നിറമെന്ത്?

ചെമ്പരത്തി പൂവിന് ചുവപ്പുനിറം

റോസാ പൂവിൻ നിറമെന്ത്?

റോസാ പൂവിന് റോസുനിറം



ശ്രീനന്ദ.വി

***2A***

# പൂമ്പാറ്റ

പുള്ളിയുടുപ്പിട്ട പൂമ്പാറ്റേ

പൂവിലിരിക്കും പൂമ്പാറ്റേ

പൂന്തേനുണ്ണും പൂമ്പാറ്റേ

പൂവിൽ മയങ്ങും പൂമ്പാറ്റേ

എന്നോടൊപ്പം പോരാമോ?

എന്നടെ കൂടെ കളിക്കാമോ?

ശിവദ.എം
2A

# പൂമ്പാറ്റ

പാറിപ്പറക്കുന്ന പൂമ്പാറ്റേ

പുള്ളിയുടുപ്പിട്ട പൂമ്പാറ്റേ

പൂവിലിരിക്കുന്ന പൂമ്പാറ്റേ

തേൻ നുകരുന്നൊരു പൂമ്പാറ്റേ

കൂടെ വരാമോ നീ ചങ്ങാതി

വൈഗ.ആർ
2A

## വീണ്ടും ചിരിക്കും

മാനത്തു നിന്നു ചിരിക്കുന്ന മാമന്റെ

ദേഹത്തു കേറുന്ന മേഘക്കൂട്ടം

എങ്ങാണ്ടുചെന്നങ്ങു തട്ടിതണുക്കുമ്പോൾ

പെയ്യും പെരുമഴ ഭൂമിയിൽ

പെയ്തൊഴിയും മാനത്തു നിന്നിതാ

വീണ്ടും ചിരിക്കുന്ന ചന്ദ്രനമ്മാവൻ



ദൃശ്യമോൾ.എ

*4B*

# ರುಚಿ ರುಚಿ ದೋಸೆ

ದೋಸೆ ದೋಸೆ ವೃತ್ತದ ದೋಸೆ
ಅಂದದ ಚಂದದ ಮಸಾಲ ದೋಸೆ

ಅಮ್ಮ ಮಾಡಿದ ಇವತ್ತಿನ ದೋಸೆ
ಗೆಳೆಯರೆ ಬನ್ನಿ ತಿನ್ನೋಣ ದೋಸೆ

ದೋಸೆಯು ಉಂಟು ತೂತೇ ತೂತು
ತೋತಿನ ಲೆಕ್ಕವ ಹಾಕೋಣ

ಬನ್ನಿರೆಲ್ಲಾ ದೋಸೆ ತಿನ್ನೋಣ
ತಿನ್ನುತ ಕುಣಿಯುತ ನಲಿಯೋಣ



ಚೈತ್ರ. ಕೆ.ಎಸ್
8 ನೇ ತರಗತಿ

# ഇരുട്ടിന്റെ അകത്തളങ്ങൾ

'നഗരത്തിന്റെ ഹൃദയഭാഗത്തുള്ള മറീന ഫ്ലാറ്റിൽ നിന്ന് ഇന്നും ഒരു മനുഷ്യജീവൻ കൂടി പൊലിഞ്ഞു.'

-ബ്രേക്കിംഗ് ന്യൂസ് ഇതോടുകൂടി അവസാനിച്ചു.മനു തന്റെ സ്ഥിരം ഫോഗ് പെർഫ്യൂമെടുത്ത് പൂശി.കട്ടിലിന്റെ മൂലയിൽ കിടന്നിരുന്ന ബേഗുമെടുത്തിട്ട് ടേബിളിൽ വെച്ച വീഡിയോ ഗെയിം അലമാരയിൽ വെച്ച് പൂട്ടി.അപ്പോഴും അവന്റെ പുസ്തകങ്ങൾ ഒരു മൂലയിൽ അനാഥരാക്കപ്പെട്ടതുപോലെ കിടക്കുകയായിരുന്നു.റൂം വിട്ടിറങ്ങിയ മനു ഡൈനിംഗ് ടേബിളിനടുത്തേക്ക് നോക്കിയതേയില്ല.അപ്പോഴവന് വിശന്നതുമില്ല.

'മനു....'

ആ വിളി അവനിൽ നിറഞ്ഞ ദേഷ്യമാണുണ്ടാക്കിയത്.

" നീ എന്നോട് പിണങ്ങി ഭക്ഷണമൊന്നും കഴിക്കാതെ പോകണ്ട.എത്രയൊന്നെന്നും എനിക്കറിയത്തില്ല.ദേ ഞാനാ ടേബിളിന്റെ അടിയിൽ വെച്ചിട്ടുണ്ട്.എത്രയാന്ന് വെച്ചാ എടുത്തോ.”

താങ്ക്സ് അമ്മാ.

മനു നേരെ ടേബിളിന്റെയടുത്ത് ചെന്ന് നോക്കിയപ്പോൾ കണ്ടത് അഞ്ചൂറിന്റെ ഒറ്റ നോട്ടാണ്.അവനതുമെടുത്ത് യാത്രയായി.സമയം എട്ടരയേ ആയിട്ടുള്ളൂ.അവൻ നേരെ അടുത്തു കണ്ട ഒരു മൊബൈൽ ഷോപ്പിൽ കയറി.കയറിയത് മിന്നൽ വേഗത്തിലായിരുന്നു.ഇറങ്ങിയത് പതിയെയായിരുന്നു.ആ സമയത്ത് മനുവിന്റെ മുഖത്ത് ബ്ലൂ ലൈറ്റും റെഡ്‌ലൈറ്റുമൊക്കെ മാറി മാറി മിന്നുകയായിരുന്നു. അവൻ നഗരത്തിന്റെ ഒഴിഞ്ഞ വക്കിലൂടെ നടന്ന് തികഞ്ഞ അന്ധകാരത്തിലേക്ക്....

മണി അഞ്ചിനോടടുത്തിരിക്കുന്നു.സ്കൂളിൽ നിന്ന് ഒരു പത്ത് മിനുട്ട് ദൂരമേ വീട്ടിലേക്കുള്ളൂ. ഇത്രയായിട്ടും മനുവിനെ കാണാത്തതിൽ വിഷമിച്ച് അവന്റെ മാതാപിതാക്കൾ പൊലീസ്സ്റ്റേഷനിൽ എത്തിയിരുന്നു.എന്തുകൊണ്ടെന്നറിയില്ല പൊലീസും ഇന്നവരുടെ തിരച്ചിൽ മിന്നൽവേഗത്തിൽതന്നെ നടത്തി. ഇതിനിടയിൽ എസ് ഐ ക്കൊരു കോൾ വന്നു.ഉടൻ തന്നെ എല്ലാവരും നഗരത്തിൽ നിന്ന് കുറച്ചുള്ളിലായി സ്ഥിതി ചെയ്യുന്ന പണിതീരാത്ത മറീന ഫ്ളാറ്റിലേക്ക് പോയി. കൂടിനിന്ന ജനക്കൂട്ടത്തിനിടയിൽ നിന്ന് മോനേ... എന്നൊരു വിളി മാത്രം കേട്ടു.അല്ല,അതിനു മാത്രമേ ആ അമ്മയ്ക്ക് സാധിച്ചുള്ളൂ.അവിടെ കൂടി നിന്നവർക്കിടയിൽനിന്ന് പല സംസാരങ്ങളും ഉയർന്നു.

ശ്വാസം നിലച്ച മനുവിന്റെ അടുത്തുനിന്ന് ആ അമ്മയ്ക്ക് ഒന്നു കരയാൻ പോലുമായില്ല.കാരണം അവർ ആ യന്ത്രം കണ്ടിരുന്നു.മനുവിന്റെ അവസാന നോട്ടം പോലും ആ യന്ത്രത്തിലേക്കായിരുന്നു. പ്രകൃതിയും ഇതിന്റെയെല്ലാം മാറ്റം അറിഞ്ഞുതുടങ്ങിയിരിക്കുന്നു.ആകാശം കാർമേഘത്തിൽ മൂടി.

കുറച്ച് നേരം കഴിഞ്ഞവിടം ശൂന്യമായിരുന്നു. അപ്പോഴും ആ യന്ത്രം അവിടെ ഉണ്ടായിരുന്നു. ടാസ്ക് കംപ്ലീറ്റഡും ഒരു സ്മൈലിയും അതിൽ ഉണ്ടായിരുന്നു.

കുറച്ചുമുമ്പ് അവിടെ കൂടിനിന്നവരിൽ ആരും ആ യന്ത്രത്തെ കണ്ടില്ലായിരുന്നു.അതോ കാണാത്ത പോലെ നടിച്ചതോ.എന്തിന് ?

ഇനിയും കുറെ മനുഷ്യജന്മങ്ങൾ ആ യന്ത്രത്തിൽ അലിഞ്ഞുചേരാൻ ബാക്കിയുണ്ടാകും....

അവർക്കായി ബാക്കിവെച്ചതാണ് ആ യന്ത്രം അവിടെ.....

*അഞ്ജലി ബാബു*



# ENVIRONMENTAL POLLUTION


There are different types of pollution in our environmental they are soil (land),noise, water, air these pollutions arise due to many human actives such as burning of plastics, putting waste, noises......these pollutions causes lot of problem and may affect our daily life .

soil pollution is pollution of soil by putting waste it a rises due to our carelessness. The chemicals which are very harmful which is discharged by factories may mix with soil and makes life or underground species impossible. The humus content in soil may loose and pH of soil may increase. there are so may animals that live in underground like mole, earthworm etc... we know that earthworm is friend of farmer. So if it dies the biological process that is decomposition will not be done. The production of crops will not bless so there will be decline in agriculture also the chemicals present in the soil will be absorbed by plants and when we eat it we will suffer from loads of diseases. Another is soil erosion is by air pollution the water inpouring that also get mixed with chemical and when it fall in form of rain the soil gets e rotted. That is the surface of soil which is humus content get removed noise is unwanted sound. This can make people crazy. We must keep our volume to limit. If it crosses the limit then it turns to noise pollution. This may us harm our ear sensitive and may make us dumb. it may also harm animals.

When we put waste and untanned things in water. The water gets pollution these may intuit harm us. The pollution water can lead to water pollution. It affect the marine or frees bater animals like beavers build channels and this helps in water conservation and the water remains forever. When the water is polluted the beavers die and it may lead to water scarcity. We know that only 17 % of drinkable water is found in earths surface. If we put waste it affects not only us but the whole earth. Another thing is that the discharge of oils from ships makes the life of aquatic animals impossible to survive. There fore we must not put wast mainly plastics and we have to use natural things like cloth bag for shopping .do not waste our natural resources. Use them wisely and judiciously. Air pollution arise due burning of plastics and other wastes. By burning of plastic wastes it produces harmful gases which is harmful for earths Atmosphere.

Air pollution may lead to different kinds of respiratory problems and this may decrease the surface area of alveoli in lungs and decreases the process of respiration. By in take of these harmful gases we may have different kinds of cancers. We also know that there is only little chance for cure of cancer. It is mainly due to air pollution there is risk of depletion of ozone layer. Researchers have found that there are holes forming in ozone layer. And the harmful UV rays from sun penetrate through holes and we may cause sun burns, cancer. We can reduce all kinds of pollution. Together we can make it better. All we need to do is use natural products as for as we can. Do not depend on plastics, chemical products etc. One thing we have to keep in mind that if we do any thing wrong ,we will get back. That is if we throw waste to any of natural resource it may get polluted and the same polluted thing will affect us adversely. So be good do good. We have to reduce, reuse and recycle.

Prafulla C H
*VHSE I Year*



വര : അദ്വൈത് എം എ (പൂർവ്വ വിദ്യാർത്ഥി)

# Digital Painting

***Ashwinraj . A***
***X B***



***Shreenith V . G***

***X D***



# Digital Poster

*Shashwath Naren P . V*




***Shreya Chandran . T***
***X D***



# വിദ്യാലയം പ്രതിഭയോടൊപ്പം









# പ്രതികാരം സ്വപ്നസാഫല്യത്തിലൂടെ

അതിമനോഹരമായ ഗ്രാമം.എങ്ങും പച്ചപ്പ് നിറഞ്ഞുനിൽക്കുന്നു. കൊയ്ത്തുപാട്ടിന്റെ അലയൊലി എങ്ങും പ്രതിധ്വനിച്ചുകൊണ്ടേയിരുന്നു.അമ്മു പാടവരമ്പത്തുകൂടി ഓടിവരികയാണ്.അമ്മേ...അച്ഛാ..ദൂരെ നിന്നെ അവൾ വിളിച്ചുകൊണ്ടുവന്നു.കോരന്റെയും നീലിയുടെയും ഏകമകളാണ് അമ്മു. ഒരു ഡോക്ടറാകണമെന്നാണ് അവളുടെ ആഗ്രഹം. അത് കുഞ്ഞുനാൾ മുതലെ അവളുടെ മനസ്സിൽ പതിഞ്ഞതാണ്. കാരണം,അവളുടെ കുഞ്ഞനിയൻ അവളെ വിട്ടുപോയത് നല്ല ചികിത്സ ലഭിക്കാത്തതുകൊണ്ട് മാത്രമാണ്.

അവൾ വയലിലെമ്പാടും അച്ചനെയും അമ്മയെയും തിരക്കി. വീണ്ടും അവരെ വിളിച്ചു. ഞാറുനടുന്നതിന്റെ തിരക്കിനിടയിൽ നീലി തലയുയർത്തി. പതിവിലുമധികം സന്തോഷവതിയാണിന്ന് അമ്മു. നീലി ആകാംശഭരിതയായി അമ്മുവിനോടു ചോദിച്ചു.എന്താ മോളെ.. അവൾ പ്രകാശഭരിതമായ കണ്ണുകളോടെ പറഞ്ഞു അമ്മേ എനിക്ക് സ്കൂളിന്ന് സമ്മാനം കിട്ടി എന്തിനാണെന്നറിയാത്ത മട്ടിൽ നീലി അവളെ നോക്കി.അമ്മു വീണ്ടും തുടർന്നു അത് പരീക്ഷയിൽ എല്ലാം ഒന്നാം സ്ഥാനം കിട്ടിയതിനാ. നീലിയുടെകണ്ണുകൾ താനേ നിറഞ്ഞു തന്റെ മകൾക്ക് എന്തുനൽകണമെന്ന ആശങ്ക നീലിയിൽ ഉടലെടുത്തു.വയലിൽ നിന്ന് വരമ്പിലേക്ക് ഓടിക്കയറി മകളെ കെട്ടിപിടിച്ച് ഒരുമ്മ കൊടുത്തു.അതിൽ കൂടുതലായി നീലിക്ക് ഒന്നും നൽകാൻ അവുമായിരുന്നില്ല.അമ്മു അമ്മയിലേക്ക് മുഖമുയർത്തി അച്ചനെവിടെയെന്ന് അന്വേഷിച്ചു.കോരൻ നാട്ടുവാഴിയുടെ വീടിലായിരുന്നുഅകലെ നിന്ന് നാട്ടുവാഴി വരുന്ന ശമ്പദം കേട്ടു.നീലി വേഗം വയലിറങ്ങി തന്റെ ജോലി പുനരാരംഭിച്ചു.അമ്മു പതിയെ വീട്ടിലേക്ക് നടന്നു.ആ വഴിയെയാണ് നാട്ടുവാഴി വരുന്നുണ്ടായിരുന്നത്.നാട്ടുവാഴി എത്താറായപ്പോൾ അമ്മു വഴിമാറിവന്നു.അമ്മുവിന്നെ കണ്ട നാട്ടുവാഴി ഒരു നിമിഷം കൂടിതിരിഞ്ഞുനോക്കി.തുടർന്ന്കാര്യസ്ഥൻ കേളുവിനോടായി ചോദിച്ചു.കേളുവേ ഏതാടാ ആ പെണ്ണ്?കുറച്ചു നേരം ചിന്തയിലായ കേളുപറഞ്ഞു.അത് ആ കോരന്റെയും നീലിയുടെയും മോളാ തമ്പ്രാ...

അല്ല കേളുവേ നമ്മുക്ക് ഒരു പണിക്കാരത്തി കുറവാണല്ലെ.അവളോട് വരാൻ പറഞ്ഞാലോ.വീട്ടിലെ അടുക്കള പണിക്കേ...ഭവാനി ഇന്നലേം പറഞ്ഞു ഒറ്റയ്ക്ക എല്ലാടത്തും എത്താൻ പറ്റണ്ല്ലന്ന് പോരാതെ എനിക്ക് രാത്രി നല്ല ഉറക്കോം ഇല്ല.ഇവളുണ്ടെങ്കിൽ...എന്നും പറഞ്ഞ് നാട്ടുവാഴി ഉറക്കെ പൊട്ടിചിരിച്ചു.കാര്യം മനസ്സിലായ കേളുവിന് സങ്കടം തോന്നി.അവളെ കുറിച്ച് കേളുവിന് നന്നായി അറിയാം. പതിനാലു വയസ്സേ അമ്മുവിനായിട്ടുള്ളൂ.ഒരു നിരസത്തോടെ കേളു തമ്പാനോടു ചോദിച്ചു.അവള് തീരെ ചെറുപ്പമല്ലേ തമ്പ്രാ... .അട്ടഹസിച്ചുകൊണ്ട് തമ്പ്രാൻ പറഞ്ഞു ചെറുപ്പമാണെങ്കിലേ കേളു മാധുര്യം കൂടും...എന്നിട്ട് നാട്ടുവാഴി പൊട്ടി പൊട്ടി ചിരിച്ചു. ഉള്ളിൽ സങ്കടത്തോടയാണെങ്കിലും കേളു ഒന്നും പ്രതികരിക്കാതെ നാട്ടുവാഴിയെ അനുസരിച്ചു.പണികഴിഞ്ഞ് എല്ലാവരും കൂലിക്കായി വന്നപ്പോൾ നീലിയോടും കോരനോടുമായി നാട്ടുവാഴി പറഞ്ഞു നാളെ വരുമ്പോൾ നിന്റെ മോളെ ഇവിടെ ചെന്നാക്ക്.വീട്ടിൽ അടുക്കള പണിക്ക് ആള് കുറവാ ഇത്തിരി കേശത്തോടെ കോറൻ പറഞ്ഞു അവള് പഠിക്കുവാ തമ്പ്രാ...ഇനി രണ്ട് മാസം കൂടിയേ ഉള്ളൂ...പത്താം ക്ളാസ്സിലാ അവള്...അതുകഴിഞ്ഞിട്ട് അവധിയാ അവക്ക്.അവധിക്ക് അയക്കാം തമ്പ്രാ അവളെ ഞാൻ...നാട്ടുവാഴി ഒരു പുച്ഛഭാവത്തോടെ

പൊട്ടിച്ചിരിച്ചുകൊണ്ട് എല്ലാവരും കേൾക്കാൻ വേണ്ടി പറഞ്ഞു... അല്ല എല്ലാവരും ഒന്ന കേൾക്കണേ...കോരന്റെ മോൾക്ക് പഠിക്കണം പോലും.നിന്റെ മോള് പഠിച്ചിട്ടെന്തവാനാ...പഠിക്കാനും ജോലി വാങ്ങാനുമൊക്കെ ഇവിടെ ഞങ്ങളുടെ മക്കളുണ്ട്.നാളെ നേരം പുലരുമ്പോൾ അവളിവിടെ എത്തിയിരിക്കണം.ഇല്ലെങ്കിൽ എന്താ സംഭവിക്കുകയെന്നറിയാലോ

ആ അജ്ഞ കേട്ട് കോരനും നീലിയും അടിമുടി വിറച്ചു. കോരനെയും നീലിയെയും കാത്ത് അമ്മു വാതിൽ ക്കൽതന്നെ നിൽപ്പുണ്ടായിരുന്നു.വളരെ സന്തോഷവതിയായിരുന്ന അമ്മുവിന്റെ മുഖം പെട്ടെന്ന് വാടി.കാര്യമെന്തെന്നറിയാൻ അവളുടെ മനസ്സ് വിങ്ങി.അവർ മനസ്സില്ലാമനസ്സോടെ കാര്യം മകളെ അറിയിച്ചു. ഒത്തിരി  സങ്കടം തോന്നിയെങ്കിലും മുഖത്ത് പുഞ്ചിരിവരുത്തികൊണ്ട് അവൾ പറഞ്ഞു

ഞാൻ പോവാം അച്ഛാ നാളെ....

അമ്മ അടുക്കളയിൽനിന്ന് എത്തിനോക്കി ചോദിച്ചു.

അപ്പോൾ നിനക്ക് പഠിക്കാൻ പോണ്ടേ ?

അമ്മു ചിരിച്ചുകൊണ്ട് പറഞ്ഞു

നാളെ മുതൽ പത്തുദിവസം അവധിയാ.പിന്നെ പോയില്ലേല് ...നമുക്ക് ജീവിക്കേണ്ടേ അമ്മേ..

നിറഞ്ഞ കൺകളോടെ മകളെ നോക്കിക്കൊണ്ട് അച്ഛൻ ചോദിച്ചു.എന്നാലും മോളെ .അതിനുത്തരം ഒരു ചെറു പുഞ്ചിരി മാത്രമായിരുന്നു.പിറ്റേ ദിവസം അവൾ നാടുവാഴിയുടെ വീട്ടിൽചെന്നു.അവൾക്കെല്ലാം അപരിചിതമായിരുന്നു.ചിരുത ആദ്യദിവസം എല്ലാം പറഞ്ഞുകൊടുത്തു.മൂന്നാമത്തെ ദിവസം നാടുവാഴി വൈകുന്നേരം നിൽക്കാൻ പറഞ്ഞു.എന്തിനെന്നറിയാതെ അവൾ അവിടെ പകച്ചുനിന്നു.നേരം ഇരുട്ടിതുടങ്ങിയതോടെ അവളിലെ ഭീതി വർധിക്കാൻ തുടങ്ങി.കാര്യസ്ഥൻ വന്ന് പത്തായപുരയിലേക്ക് നടക്കാൻ പറഞ്ഞു.അവൾ പത്തായപുരയ്ക്കുള്ളിൽ കയറിയതും വാതിൽ അടച്ചു കുറ്റിയിട്ടു.ആകെ ഇരുട്ട്.അവൾ പേടിച്ചു വിറയ്ക്കാൻ തുടങ്ങി.ഉള്ളിൽ ഒരാശ്വാസത്തിനു വക നൽകി ഒരു തിരിനാളം കാണാനായി.അതിനടുത്ത് ഭീകരമായൊരു മുഖവും.അത് നാടുവാഴിയായിരുന്നു.അവളറിയാതെ അമ്മേ എന്ന് വിളിച്ചുപോയി.അന്നുരാത്രി നാടുവാഴി അവളെ നശിപ്പിച്ചു.മാനസികമായി അവൾ തളർന്നു.എങ്കിലും അവൾ പിടിച്ചു നിന്നു.പഠിക്കണം,ജോലിവാങ്ങണം എന്നവൾ മനസ്സിലുറപ്പിച്ചു.തന്റെ സ്വപ്നത്തിനുവേണ്ടി അവൾ കഠിനാധ്വാനം ചെയ്തു.ഉള്ളിൽ പ്രതികാരം നരഞ്ഞ് പൊന്തുന്നുണ്ടായിരുന്നു.ഒരു ഡോക്ടറായി അയാളുടെ മുമ്പിൽ ചെന്നു നിൽക്കണം.എല്ലാ പ്രതിസന്ധികളെയും തരണം ചെയ്തവൾ മുന്നേറി.അവൾക്കെന്നും എല്ലായ്പ്പോഴും സഹായത്തിന് ആളുണ്ടായിരുന്നു.അത് അങ്ങനെയാണ് നന്മയുടെ പക്ഷത്ത് ആരെങ്കിലുമൊരാളുണ്ടാകും താങ്ങും തണലുമായി.ആ കുഞ്ഞു ഗ്രാമത്തിൽ സർക്കാർ ആശുപത്രിയുണ്ട് വർഷങ്ങൾക്കുശേഷം അവൾ അവിടെ ഡോക്ടറായി ചാർജെടുത്തു.ഒരു ദിവസം പനിയുമായി ഒരു വൃദ്ധൻ ആശുപത്രിയിൽ വന്നു.പരിശോധയ്ക്കുശേഷം മരുന്നുകൊടുക്കുന്നതിനിടെ  ഒരു ചെറുപുഞ്ചിരിയോടെ അവൾ ആ വൃദ്ധനോട് ചോദിച്ചു.ഓർമ്മയുണ്ടോ...എന്നെ.അയാൾ പതുക്കെ ഇല്ലാ .അവൾ പറഞ്ഞു നിങ്ങൾ പിച്ചിചീന്തിയ നീലിയുടെയും കോരന്റെയും മകൾ അമ്മു.അയാൾ ഇളിഭ്യനായി തലതാഴ്ത്തി തിരിഞ്ഞു നടന്നു അയാളുടെ മുമ്പിൽ നിവർന്നു നിൽക്കാൻ കഴിഞ്ഞതിലും തന്റെ സ്വപ്നസാഫല്യത്തിലൂടെ ഒരു പ്രതികാരം ചെയ്യാൻ കഴിഞ്ഞതിലും അവൾ സന്തോഷിച്ചു.ഒരു ശക്തിക്കും തന്റെ സ്വപ്നങ്ങളെ ഇല്ലാതാക്കാൻ കഴിയില്ലെന്നു അവൾ അയാൾക്ക് കാണിച്ചുകൊടുത്തു.

*ആര്യശ്രീ*

# ശാപം

കുതിരതൻ കുളമ്പടി
കൾ കേൾക്കവെ അട്ട
ത്തെത്തിയോ മൃത്യൂ?
മഴയായ് പൊഴിയുമീ
നള്ളികളെ ഘോരഭൂമി
യാക്കി മാറ്റിയതാര്?
കാറ്റിൻ കൈകളെ മൃത്യൂ
വിൻ കരങ്ങളാക്കി തീർത്തതാര്?
ഭീകരതയുടെ നാവുകൾ
നീട്ടിയ പ്രളയമേ!
നീ ഉതിർത്തത് ചില്ല
തൻ പൂക്കളെയാണ്
നീ ഞെരിച്ച കൊന്നത്
ഓരോ വേരുകളെയാണ്.
ഞരമ്പുകൾ കുഴിമാടത്തിൽ
ഞെരിഞ്ഞമരുമ്പോൾ പിട
യുന്നിതാ ഒരായിരം ജീവനുകൾ!
നിദ്രതൻ ശയ്യയിൽ കിനാവു
കണ്ടുറങ്ങവെ ഞെട്ടിയുണർന്നു.
കണ്ടപ്പോൾ മുന്നിൽ കാലനായിരുന്നു
താളം തെറ്റി ഈണം
തെറ്റി, എല്ലാം മാറുപി
ളർന്ന് കുതിക്കവെ
ഭൂമി കേഴുന്നു നിന്നോട്!
ഭൂമിതൻ മടിത്തട്ടിൽ
ഒന്നു മയങ്ങാൻ ഇടമില്ല
എല്ലാം ഇന്ന് നിന്റെ
പക്ഷത്തിൽ!
നിൻ അട്ടഹാസത്തിൻ
മുഴക്കത്തിൽ ഇവിടമാകെ
പൊഴിയുന്നിതാ കണ്ണുനീരിൻ
കയ്പ്പ നീരുകൾ!
നിന്നെ ശപിക്കുന്നു
ഞാനും ഈ ലോകവും!
പ്രളയമേ......

# LSS & USS WINNERS






# SSLC FULL A+


ഉജ്ജ്വല വിജയത്തോടെ മികവിന്റെ കേന്ദ്രമായി
ജി.വി.എച്ച്.എസ്.എസ്. കാറഡുക്ക
SSLC പരീക്ഷയിൽ 17 പേർക്ക് മുഴുവൻ വിഷയത്തിലും A+, 12 പേർക്ക് 9 A+
ജനകീയ വിദ്യാലയത്തിന്റെ ചരിത്ര മുന്നേറ്റം
വിജയ ശതമാനം
99.31%
എല്ലാ വിഷയത്തിലും A+ ഗ്രേഡ് നേടിയവർ
ALEENA GEORGE
AMITHA .K
ANJANA .M
ANJITHA .V
ANUMITHA M.V
ATHULYA P.B
DIVINA SIJI
KRIPA .V. NATH
MITHUNA LOHI
NANDANA .P
SOORYA .S. RAJ
VISHNUPRIYA .A
ABHIJIN .V
ADVAITH M.A
AJITH .K
RITHESH KUMAR RAI.M
VINEETH RAI
9 A+
12 STUDENTS
* LSS, USS തീവ്രപരിശീലനം * SSLC QIP ക്ലാസ്സ് * പഠന ക്യാമ്പ് * നിരവധി പരിഹാര ബോധന ക്ലാസ്സുകൾ * കലോത്സവം, കായിക മേള, ശാസ്ത്ര മേള, വിദ്യാരംഗം എന്നീ മത്സരങ്ങളിൽ പ്രത്യേക പരിശീലനം * ശാസ്ത്ര പഠനം ശാസ്ത്രീയമാക്കാൻ സയൻസ് പാർക്ക് * NCC * റെഡ് ക്രോസ് * ലിറ്റിൽ കൈറ്റ്സ് * വിവിധ ക്ലബ് പ്രവർത്തനങ്ങൾ * യോഗ പരിശീലനം * വിശാലമായ കളി സ്ഥലം * ഐ.ടി. ലാബ് * പച്ചക്കറി തോട്ടം * ശാസ്ത്ര ലാബുകൾ * വിപുലമായ ലൈബ്രറി * കുട്ടികൾക്ക് മാനസികമായി പിന്തുണ നല്കുന്ന ORC വിദ്യാലയം * Motivation ക്ലാസുകൾ * പെൺ കുട്ടികളെ Taekwondo പരിശീലിപ്പിക്കുന്നു * സ്കൂളിൽ തന്നെ,നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന പ്രി. പ്രൈമറി വിഭാഗം * പഠ്യേതര പ്രവർത്തനങ്ങൾക്ക് നല്കുന്ന മികച്ച പിന്തുണ.
പ്രീ പ്രൈമറി മുതൽ 10 വരെ ക്ലാസ്സുകളിലേക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു
ഫോൺ : 04494-260147
3 കോടിയുടെ കിഫ്ബി പദ്ധതി പൂർത്തിയാകുന്നതോടെ കാറഡുക്ക സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക്
വിജയാശംസകളോടെ
9946425615
A.R STORES
Paika, Baladka

\



# സബ് ജില്ലാ കലോത്സവ വിജയികൾ








# പ്രവേശനോത്സവം







# പരിസ്ഥിതി ദിനാഘോഷം






माला फेरत जुग भया, फिरा न मन का फेर,
कर का मनका डार दे, मन का मनका फेर।
जाति न पूछो साधु की, पूछ लीजिये ज्ञान,
मोल करो तरवार का, पड़ा रहन दो म्यान।
साधु ऐसा चाहिए, जैसा सूप सुभाय,
सार-सार को गहि रहै, थोथा देई उड़ाय।
दोस पराए देखि करि, चला हसन्त हसन्त,
अपने याद न आवई, जिनका आदि न अंत।
बुरा जो देखन मैं चला, बुरा न मिलिया कोय,
जो दिल खोजा आपना, मुझसे बुरा न कोय।
जिन खोजा तिन पाइया, गहरे पानी पैठ,
मैं बपुरा बूडन डरा, रहा किनारे बैठ।
पोथी पढ़ि पढ़ि जग मुआ, पंडित भया न कोय,
ढाई आखर प्रेम का, पढ़े सो पंडित होय।
अति का भला न बोलना, अति की भली न चूप,
अति का भला न बरसना, अति की भली न धूप।
तिनका कबहुँ ना निन्दिये, जो पाँवन तर होय,
कबहुँ उड़ी आँखिन पड़े, तो पीर घनेरी होय।
निंदक नियरे राखिए, ऑगन कुटी छवाय,
बिन पानी, साबुन बिना, निर्मल करे सुभाय।
कबीरा खड़ा बाज़ार में, मांगे सबकी खैर,
ना काहू से दोस्ती,न काहू से बैर।
दुर्लभ मानुष जन्म है, देह न बारम्बार,
तरुवर ज्यों पत्ता झड़े, बहुरि न लागे डार।


"गुजरी हुई जिंदगी को
कभी याद ना कर,
"तकदीर में जो लिखा है
उसकी फरियाद ना कर,
"जो होगा वो होकर रहेगा
तु कल की फिकर में,
"अपनी आज की हंसी
बर्बाद ना कर,
"हंस मरते हुए भी गाता है और
मोर नाचते हुए भी रोता है,
"ये जिंदगी का फंडा है,
दुखो वाली रात नींद नहीं आती
और खुशी वाली रात कौन
सोता है....

# കായിക പ്രതിഭകൾ


REDMI NOTE 7S
AI DUAL CAMERA


885
QATAR
AIRWAYS
909


REDMI NOTE 7S
AI DUAL CAMERA


316
KADAKAM


TIGER
FITNESS & GYM

# പഠനയാത്ര



# ശാസ്ത്ര പരീക്ഷണങ്ങൾ ഏകദിന ശില്പശാല







